**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3859** **17-03-2025 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ജലപാതയായ ഈസ്റ്റ്-വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള പ്രധാന ജലപാതകളെ കൂട്ടിയോജിപ്പിച്ചും, ആവശ്യമായ ഇടങ്ങളിൽ കനാലുകൾ നിർമ്മിച്ചും, കനാലുകളെ വികസിപ്പിച്ചും തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്. വെസ്റ്റ് കോസ്റ്റ് കനാൽ വികസന പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്.<br><br>ഒന്നാം ഘട്ടത്തിൽ 520 കി.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിലുള്ള വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ, പൂർണ്ണതോതിൽ വികസിപ്പിക്കുകയും, ജലപാത നിലവാരത്തിൽ കനാൽ വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ പ്രവൃത്തികളും, കനാലുകൾക്ക് കുറുകെയുള്ള ഉയരവും വീതിയും നീളവും കുറഞ്ഞ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടിയും നിരവധി ലോക്ക് കം ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവൃത്തികളും നടന്നു വരുന്നു.<br><br>മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ “കോഴിക്കോട് കനാൽ സിറ്റി പ്രോജക്റ്റ്” ഉൾപ്പെടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി 2026-ൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാതയിൽ എത്ര കിലോമീറ്ററാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും പൂർണ്ണതോതിൽ അതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ; | (ബി) | കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ) ഭാഗത്ത് 51 കി.മീ. ഗതാഗതയോഗ്യമാണ്.<br><br>കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW 3) യിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ജലഗതാഗതയോഗ്യമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകാനുണ്ട്.<br><br>കോട്ടപ്പുറം - ചാവക്കാട് റീച്ചിൽ തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കിയിട്ടുണ്ട്. ചേറ്റുവ - ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചു. ടെണ്ടർ നടപടികൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള 2.25 കോടി രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>ചേറ്റുവ - കല്ലായി റീച്ചിൽ പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് ദേശീയജലപാത 3-ൽ 46 കോടി രൂപ ചെലവിൽ വെളിയം കോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നു വരുന്നു. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിന് വേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD — RIDF — Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം |

നൽകിയതിൻപ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു.

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (328 കി.മീ.) കഴിഞ്ഞു വരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന പദ്ധതി 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സർവ്വേ, മണ്ണ് പരിശോധന, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയ നടപടികൾ പൂർത്തിയാക്കി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു.

ഇരഞ്ഞിക്കൽ - വടകര റീച്ചിൽ ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

17.61 കി.മീ ദൈർഘ്യമുള്ള വടകര – മാഹി കനാലിന്റെ 9.28 കി.മീ ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

മാഹി വളപട്ടണം റീച്ചിൽ 26 കി.മീ ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് നിർദ്ദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കോവളം-ബേക്കൽ ജലപാതയിൽ കാസറഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം)

| | | | |
|---|---|---|---|
| | | | വരെ 22.63 കി.മീ ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിനു സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | കോവളം-ബേക്കൽ ജലപാത വികസനത്തിന്റെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയെന്നും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | വെസ്റ്റ്കോസ്റ്റ് കനാലിൽ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രവൃത്തികളും അതിന്റെ പുരോഗതിയും :<br><br>**<u>കോവളം - കൊല്ലം</u>**<br><br>1. കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീ. ആക്കുന്നതിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു.<br><br>2. പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് മുടങ്ങിയിരിക്കുന്നു. അതിർത്തി തിരിച്ച് കല്ലിട്ടതിനു ശേഷം പ്രവൃത്തി ആരംഭിച്ച് 2025 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>3. പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലാന്റ് അക്വിസിഷൻ നടന്നതിനു ശേഷമേ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തി 2025 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>4. ടി.എസ്. കനാലിനു കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>5. പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നു വരുന്നു.<br><br>6. 16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.<br><br>7. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നു വരുന്നു.<br><br>8. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.<br><br>9. ചാന്നാങ്കര പാലത്തിനു സമീപമുള്ള തീര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

10. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

11. ചെ. 49740 മീ. മുതൽ ചെ. 50900 മീ. വരെയും, ചെ. 50900 മീ. മുതൽ ചെ. 52200 മീ. വരെയുമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസന പ്രവർത്തനങ്ങളുടെ കരാർ ഉടമ്പടിവെച്ച് പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

12. വർക്കല റാത്തിക്കൽ ജുമാമസ്ജിദിനു സമീപമുള്ള പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി, ടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചു.

13. താഴെവെട്ടൂർ മസ്ജിദിന് സമീപമുള്ള പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചു.

14. പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

15. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

16. കല്ലുപാലം പണി പൂർത്തീകരിച്ചു.

17. കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി - വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഗുഹാനന്ദപുരം, ചേരിക്കടവ്, തോലുകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

18. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെയുള്ള ലാന്റ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവൃത്തികളും നടന്നു വരുന്നു.

19. ടൂറിസം വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1) കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം - പൂർത്തീകരിച്ചു.

2) പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ് .

3) പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം - പൂർത്തീകരിച്ചു.

4) മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്.

20. ഇരവിപുരം അസംബ്ലി മണ്ഡലത്തിലെ ഇരവിപുരത്ത് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്കു സമീപം കാരുണ്യതീരം മുതൽ ഇരവിപുരം പാലം റീച്ച്-2 ചെ. 330 മീ. മുതൽ 680 മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

21. കായിക്കര കടവ് ബോട്ടുജെട്ടി നിർമാണം - പ്രവൃത്തി പൂർത്തീകരിച്ചു.

22. കൊല്ലംതോട് റീച്ച് - 6 കൊല്ലംതോടിന്റെ വലതുകരയുടെ അടിയന്തിര സംരക്ഷണ പ്രവൃത്തി - 50% പൂർത്തീകരിച്ചു.

ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നടപ്പാക്കി വരുന്ന കോവളം മുതൽ കായംകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ 2025 അവസാനത്തോടു കൂടി പൂർത്തീകരിക്കാൻ സാധിക്കും. കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനകം 639-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.

**<u>കോട്ടപ്പുറം - ചാവക്കാട്</u>**

തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലേക്ക് എത്തിച്ചു. തൃപ്രയാർ, കണ്ടശ്ശൻ കടവ്, എനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ അനുമതി നൽകിയതിൻ പ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. . ചേറ്റുവ - ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചു. ടെണ്ടർ നടപടികൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള 2.25 കോടി രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ മറ്റു 15

പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച ശേഷം, ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB)-ലേയ്ക്ക് നല്കിയിട്ടുണ്ട്. കൂടാതെ ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഇടങ്ങളിൽ നടന്നുവരുന്നു.

**<u>ചേറ്റുവ - കല്ലായി</u>**

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW 3-ൽ 46 കോടി രൂപ ചെലവിൽ വെളിയം കോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നു വരുന്നു. 2025 മാർച്ചോടു കൂടി പ്രവൃത്തി പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിന് വേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD — RIDF — Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു.

കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന പദ്ധതി 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഡി.പി.ആർ- തയ്യാറാക്കുന്നതിനു വേണ്ടി സർവ്വേ, മണ്ണ് പരിശോധന, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയ നടപടികൾ പൂർത്തിയാക്കി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു.

**<u>ഇരഞ്ഞിക്കൽ - വടകര</u>**

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

പെരുഞ്ഞുരുത്തി പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**<u>വടകര - മാഹി</u>**

17.61 കി.മീ ദൈർഘ്യമുള്ള വടകര – മാഹി കനാലിന്റെ 9.28 കി.മീ ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

റീച്ച്-1- 60 % പ്രവൃത്തി പൂർത്തിയായി.

റീച്ച്-2 - പൂർത്തീകരിച്ചു.

റീച്ച്-3 - 52% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

റീച്ച്-4 - കനാൽ എസ്കവേഷൻ പ്രവൃത്തി 93% പൂർത്തിയായിട്ടുണ്ട്.

റിച്ച്-5 – 90% പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്.

**<u>മാഹി - വളപട്ടണം</u>**

മാഹി വളപട്ടണം റീച്ചിന്റെ 26 കി.മീ ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് നിർദ്ദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് — പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

| | | | |
|---|---|---|---|
| | | | രണ്ടാം കട്ട് — സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.<br><br>മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>**<u>നീലേശ്വരം - ബേക്കൽ</u>**<br><br>കോവളം-ബേക്കൽ ജലപാതയിൽ കാസറഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ 22.63 കി.മീ ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിനു സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നീലേശ്വരം - ബേക്കൽ ജലപാത ( ചെ. 567.90 കി.മീ മുതൽ 590.53 കി.മീ വരെ) വികസിപ്പിക്കുന്നതിനായി കവ്വായി - തലിച്ചാലം, മടക്കര – മയ്യിച്ച, കോട്ടപ്പുറം - പെരുമ്പട്ട എന്നീ ഫീഡർ കനാലുകൾ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിൽ കവ്വായി -മടക്കര ഫീഡർ റൂട്ടിൽ തടസ്സമായി നിൽക്കുന്ന മാടക്കൽ , ഇടയിലക്കാട്, തെക്കെക്കാട് എന്നീ ബണ്ടുകൾ പൊളിച്ചു നീക്കി പാലം പണിയുന്നതിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) | കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും നിലവിൽ ഏതു ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ഡി) | കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. പാക്കേജ്, വാടക തുക എന്നിവയ്ക്കായി 803 കുടുംബങ്ങൾക്കായി ആകെ 86,58,44,680/- രൂപ അനുവദിച്ചതിൽ 639 കുടുംബങ്ങൾക്ക് 67,42,69,500/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വീടിന്റെ മൂല്യനിർണ്ണയതുകയ്ക്കായി ആകെ 701 കുടുംബങ്ങൾക്ക് 18,39,58,429/- രൂപ അനുവദിച്ചതിൽ 445 കുടുംബങ്ങൾക്ക് വീടിന്റെ മൂല്യനിർണ്ണയതുകയുടെ ആദ്യ ഗഡുവും ഒരു കുടുംബത്തിന് രണ്ടാം ഗഡുവും ഉൾപ്പടെ ആകെ 13,81,56,706/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വാടക, പാക്കേജ്, മൂല്യനിർണ്ണയതുക എന്നിവയ്ക്കായി ആകെ 104,98,03,109/- രൂപ അനുവദിച്ചതിൽ 81,24,26,206/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | വെസ്റ്റ്-കോസ്റ്റ് കനാലിന്റെ ഭാഗമായ പാർവ്വതി പുത്തനാർ, ജലപാത നിലവാരത്തിലേക്ക് | (ഇ) | പാർവ്വതീ പുത്തനാറിന്റെ നവീകരണത്തിന്റെ ഭാഗമായി നടന്നു വരുന്നതും പൂർത്തീകരിച്ചതുമായ |

| | | | |
|---|---|---|---|
| | വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും അറിയിക്കുമോ; | | പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>കരിക്കകത്ത് കനാലിനു കുറുകെ KEL ഡിസൈൻ ചെയ്ത ഹൈഡ്രോളിക് ലിഫ്റ്റിംങ്ങോടുകൂടിയ പുതിയപാലം - പൂർത്തീകരിച്ചു.<br><br>വേളി മുതൽ ആറാട്ടുവഴി വരെയുള്ള ഭാഗത്ത് നാല് ഡ്രഡ്ജിംഗ് പ്രവൃത്തികൾ - പൂർത്തീകരിച്ചു.<br><br>സെന്റ്. ആൻഡ്രൂസ് പാലം നിർമ്മാണം - 90 % പൂർത്തിയായി.<br><br>കഠിനംകുളം കായൽ മൗത്തിലുള്ള ബോട്ട് ജെട്ടി നിർമ്മാണ പ്രവൃത്തി - പൂർത്തീകരിച്ചു.<br><br>വർക്കല ഭാഗത്ത് ചെ. 43.78 കി.മീ മുതൽ 46.00 കി.മീ വരെ പ്രവൃത്തി - പൂർത്തീകരിച്ചു.<br><br>രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - പുരോഗമിച്ചു വരുന്നു.<br><br>ചാന്നാങ്കര കനാലിന്റെ വലത് ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണം - പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>വേളി, പൗണ്ട് കടവ്, സ്റ്റേഷൻ കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.<br><br>പനത്തുറ ശ്രീ. സുബ്രഹ്മണ്യ ക്ഷേത്രത്തിന് സമീപവും പുത്തൻ പാലത്തിന് സമീപവും പാർവ്വതീ പുത്തനാറിൽ lifting facility യോട് കൂടിയ steel lattice vehicular bridge നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികളുടെ സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. |
| (എഫ്) | കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത വികസനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ഭാഗം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എഫ്) | കോവളം മുതൽ ആക്കുളം വരെ കനാൽ വികസിപ്പിക്കുന്ന പ്രവൃത്തികൾക്കായി കിഫ്ബി മുഖാന്തിരം 183 കോടി രൂപയും പുനരധിവാസത്തിനായി 247.2 കോടി രൂപയും സർക്കാരിന്റെ പദ്ധതി അടങ്കലിൽ നിന്നും വിവിധ പ്രവൃത്തികൾക്കായി 103 കോടി രൂപയും ഉൾപ്പടെ ആകെ 533.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത വികസന പ്രവൃത്തികളിൽ കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങളിലെ പ്രവൃത്തികളുടെ പൂർത്തീകരണം ടി ഭാഗത്തെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. 936 കുടുംബങ്ങളെ |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ആക്കുളം മുതൽ കൊല്ലം വരെയുള്ള ഭാഗങ്ങളിലെ പ്രവൃത്തികൾ 2025 ജൂൺമാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ